LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

1985 ജൂലായ് 24, ബുധൻ

വാല്യം LXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 15

നിയമസഭ 1985 ജൂലായ് മാസം 24-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ. ചോദ്യം നമ്പർ 320.

എസ്. എസ്. എൽ. സി. പരീക്ഷയിലെ ക്രമക്കേടുകൾ

* 263. [320] ശ്രീ. എ. കെ. പത്മനാഭൻ :

,, വി. കേശവൻ :

,, പി. സി. തോമസ് (കടുത്തുരുത്തി) :

ശ്രീമതി പി. ദേവൂട്ടി :

ശ്രീ. സി. കെ. ചക്രപാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 മാർച്ചിൽ നടന്ന എസ്. എസ്. എൽ. സി. പരീക്ഷയുടെ ഉത്തരക്കടലാസുകൾ പരിശോധിച്ചതിലും ബുക്കിൽ മാർക്ക് ചേർത്തതിലും വ്യാപകമായ ക്രമക്കേടുകൾ നടന്നതായി ആക്ഷേപമുണ്ടായിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എത്ര പരാതികൾ കിട്ടിയിട്ടുണ്ട് ;

(സി) അതിൻമേൽ എന്തു നടപടികൾ സ്വീകരിച്ചു ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) 1985 മാർച്ചിൽ നടന്ന എസ്. എസ്. എൽ. സി. പരീക്ഷയുടെ ഉത്തരക്കടലാസുകളും പരിശോധിച്ചതിലും ബുക്കിൽ മാർക്കു ചേർത്തതിലും യാതൊരുവിധ ക്രമക്കേടുകളും സംഭവിച്ചിട്ടില്ല. എന്നാൽ മാർക്കുകൾ സർട്ടിഫിക്കറ്റ് ബുക്കിലേക്ക് എഴുതിയപ്പോഴും കൂട്ടിയെഴുതിയപ്പോഴും ചില പിശകുകളൊക്കെ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) രേഖാമൂലം പരാതികൾ ഒന്നും കിട്ടിയിട്ടില്ല. എന്നാൽ മേൽപ്പറഞ്ഞ രൂപത്തിലുള്ള 1006 കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത തെറ്റുകളെല്ലാംതന്നെ അപ്പപ്പോൾ പരിശോധിച്ച് തിരുത്തിയിട്ടുണ്ട്.

ശ്രീ. എ. കെ. പത്മനാഭൻ : സർ, എസ്. എസ്. എൽ. സി. പരീക്ഷയുടെ നടത്തിപ്പിൽ വ്യാപകമായ ക്രമക്കേടുകളൊന്നും വന്നിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പക്ഷെ എസ്. എസ്. എൽ. സി. ബുക്കിൽ മാർക്കു ചേർത്തതിൽ 1006-ഓളം ക്രമക്കേടുകൾ ഉണ്ടായതായി പറഞ്ഞിട്ടുണ്ട്. എസ്. എസ്. എൽ. സി. പരീക്ഷ തുടങ്ങിയതിനുശേഷം പ്രത്യേകിച്ച് സെൻട്രലൈസ്ഡ് വാലുവേഷൻ തുടങ്ങിയതിനുശേഷം ഇത്രയും പരാതികൾ ലഭിക്കുന്നത് ആദ്യമല്ലേ ? എന്തുകൊണ്ടാണ് ഈ ക്രമക്കേടുകൾ ഉണ്ടായതെന്ന് ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഏകദേശം അഞ്ചുലക്ഷത്തോളം കുട്ടികൾ എഴുതുന്ന പരീക്ഷയാണ്. അഞ്ചു ലക്ഷം കുട്ടികളുടെ സർട്ടിഫിക്കറ്റ് ബുക്കിനകത്ത് മാർക്ക് എൻട്രി നടത്തുമ്പോൾ സ്വാഭാവികമായും കടന്നുകൂടാവുന്ന ചില പിശകുകൾ മാത്രമാണ്. അത് അപ്പോൾത്തന്നെ പരിഹരിച്ചിട്ടുണ്ട്. ഇതിനു മുമ്പുണ്ടായിട്ടുള്ളതിനേക്കാൾ കൂടുതലല്ല 1006 പിശകുകൾ എന്നു പറയുന്നത്.

ശ്രീ. എ. കെ. പത്മനാഭൻ : കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ നടുവണ്ണൂർ പരീക്ഷാ സെൻററിലെ ഒരു വിദ്യാർത്ഥിനിയെ വിജയിപ്പിക്കാൻ വേണ്ടി നാലഞ്ചു വിദ്യാർത്ഥികളുടെ ഉത്തരക്കടലാസിൽ രജിസ്റ്റർ നമ്പർ തിരുത്തിയതായി ഒരു സംഭവമുണ്ടായി. എക്സാമിനേഷൻ ഡ്യൂട്ടിയുമായി ബന്ധമില്ലാത്ത ഒരു അദ്ധ്യാപകനാണ് ഈ തിരുത്തലുകൾ നടത്തിയതെന്നാണ് പരാതി. ഇതിനെക്കുറിച്ച് അവരുടെ പേരിൽ എന്തു നടപടി എടുത്തു ? എക്സാമിനേഷൻ ഡ്യൂട്ടിയുമായി ബന്ധമില്ലാത്ത അദ്ധ്യാപകനെ പരീക്ഷാ സെൻററിൽ പ്രവേശിപ്പിച്ച ഹെഡ്മാസ്റ്ററുടെ പേരിൽ നടപടി എടുത്തിട്ടുണ്ടോ ? ഈ കേസ് പോലീസിന് കൈമാറാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, നടുവണ്ണൂർ ഹൈസ്ക്കൂളിൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഒരു പരാതിയുണ്ടായിട്ടുണ്ട്. അവിടെ ഒരു കുട്ടിയുടെ രജിസ്റ്റർ നമ്പർ വേറൊരു കുട്ടിയുടെ ആൻസർ ബുക്കിലെഴുതിയാണ് കൃത്രിമം നടത്തിയിരിക്കുന്നത്. അതിനുത്തരവാദിയായ അദ്ധ്യാപകൻറെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ച് പോലീസ് വിജിലൻസ് ഡിപ്പാർട്ടുമെൻറിനെക്കൊണ്ട് അന്വേഷിപ്പിക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിനകത്ത് പ്രധാന അദ്ധ്യാപകൻറെ പങ്ക് എത്രമാത്രമുണ്ടെന്ന് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹവും കൂടി ഇതിന് കാരണക്കാരനാണെങ്കിൽ നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കേശവൻ : സർ, എസ്. എസ്. എൽ. സി. പരീക്ഷയുടെ പേപ്പർ നോക്കിയതിൽ ക്രമക്കേടുകളൊന്നും ഉണ്ടായിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ പരീക്ഷയിൽ ക്രമക്കേടുകൾ വന്നിട്ടുണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ റീവാലുവേഷനുവേണ്ടി അപേക്ഷകൾ വന്നിട്ടുണ്ട്. അങ്ങനെ എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം അവശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : കൃത്യമായിട്ടുള്ള കണക്കുകൾ എന്റെ കൈവശമില്ല.

ശ്രീ. വി. കേശവൻ : സർ, എസ്. എസ്. എൽ. സി. ബുക്കിൽ മാർക്കുകൾ ചേർക്കുന്നതിലും മറ്റുമുണ്ടാകുന്ന ക്രമക്കേടുകൾ തിരുത്തുന്നതിന് 1006 പരാതികൾ കിട്ടിയിട്ടുണ്ട് എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പരീക്ഷാ കമ്മീഷണറുടെ ആഫീസിൽ ഈ എസ്. എസ്. എൽ. സി. പരീക്ഷാ ബുക്കിലെ ക്രമക്കേടുകൾ തിരുത്തിക്കൊടുക്കാത്തതുകൊണ്ട് കോളജിൽ ചേരുന്നതിനും ജോലിക്ക് അപേക്ഷിച്ചിട്ടുള്ളതുമായ ആളുകൾ ബുദ്ധിമുട്ടുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? പരീക്ഷാ കമ്മീഷണറുടെ ആഫീസിൽ ഇതിനാവശ്യമായ സ്റ്റാഫില്ലാത്തതിന്റെ ഫലമായി അവിടെ പെൻഷൻ പറ്റാറായതും കണ്ണിന് കാഴ്ചയില്ലാത്തതുമായ ആളുകളാണ്—തിരുത്തിക്കൊടുത്തവർ തന്നെ വീണ്ടും അവിടെക്കൊണ്ടുവന്ന് ബുദ്ധിമുട്ടുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അത് അടിയന്തിരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, 1006 പരാതികളല്ല, 1006 കേസുകളാണ്. സ്വമേധയാ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യങ്ങളിൽ ആണ് കറക്ഷൻ വരുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വളരെയേറെ കുട്ടികളുടെ പരീക്ഷാ ഫലം തടഞ്ഞു വയ്ക്കുകയോ അവരുടെ മാർക്ക് എൻട്രി ചെയ്തു കൊടുക്കാതിരിക്കുകയോ ചെയ്തിട്ടില്ല. ആകെ 169 കുട്ടികളുടെ പരീക്ഷാ ഫലമാണ് ഇതുപോലുള്ള കൃത്രിമങ്ങളുമായി ബന്ധപ്പെട്ട് തടഞ്ഞുവച്ചത്. ഇതിൽ 82 എണ്ണം പ്രസിദ്ധീകരിച്ചു. 87 എണ്ണത്തിന്റെ ഫലം പ്രസിദ്ധീകരിക്കാനുണ്ട്. അതിനകത്ത് ശിക്ഷണ നടപടികൾ പൂർത്തിയായെങ്കിൽ മാത്രമേ എന്തെങ്കിലും ചെയ്യാൻ കഴിയൂ. റീവാലുവേഷന് അപേക്ഷകൾ കൊടുത്തിരിക്കുന്നതിലെല്ലാം തന്നെ വളരെ വേഗത്തിൽ നടപടികൾ പൂർത്തിയായിട്ടുണ്ട്.

ശ്രീ. പി. സി: തോമസ് (കടുത്തുരുത്തി) : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറയുകയുണ്ടായി, ഉത്തരക്കടലാസുകൾ പരിശോധിച്ചതിൽ പാകപ്പിഴകൾ ഒന്നും ഉണ്ടായിട്ടില്ലായെന്ന്. കഴിഞ്ഞ മാർച്ച് മാസത്തിൽ ഉത്തരക്കടലാസുകൾ പരിശോധിച്ച ഘട്ടത്തിൽ സെൻട്രലൈസ്ഡ് വാലുവേഷന് പല സെൻറുകളിലും നിയോഗിച്ചിരുന്ന അദ്ധ്യാപകർ വരാതിരുന്നതുമൂലം അടുത്തുള്ള അയോഗ്യരായ അദ്ധ്യാപകരെ വരുത്തി വാല്യൂ ചെയ്തതായിട്ടുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ? അങ്ങനെ ചെയ്തെങ്കിൽ അത് വിദ്യാർത്ഥികളോട് ചെയ്യുന്ന വലിയ കടുംകൈയല്ലേ ?

ശ്രീ. ടി. എം. ജേക്കബ് : സർ, അയോഗ്യരായിട്ടുള്ള അദ്ധ്യാപകരെക്കൊണ്ട് പേപ്പർ വാല്യൂ ചെയ്തിട്ടില്ല. ഈ സഭയിൽത്തന്നെ ശ്രീ. എസ്. ആർ. തങ്കരാജ് എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി, നെയ്യാറിൻകര

LIBRARY ARCHIVES Kerala Legislative Assembly

സെൻറിഗ് കാര്യം. അതറിഞ്ഞ ഉടനെ തന്നെ വിദ്യാഭ്യാസ ഡയറക്ടറെയും വിദ്യാഭ്യാസ സെക്രട്ടറിയെയും അവിടെ അയച്ച് അന്വേഷിപ്പിക്കുകയുണ്ടായി. അവിടെ മെയിൻ സബ്ജക്റ്റെടുത്തു പാസ്സായവരല്ല പേപ്പർ വാല്യു ചെയ്തിരി ക്കുന്നതെങ്കിലും സബ്സിഡിയറിവായിട്ട് അവർ പഠിച്ചിട്ടുണ്ട്. അങ്ങനെയുള്ള ആളുകളെക്കൊണ്ട് പേപ്പർ വാല്യു ചെയ്യിക്കാമെന്നാണ് നമ്മുടെ നിലവിലുള്ള വ്യവസ്ഥകൾ.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : എസ് എസ്. എൽ. സി. സർട്ടിഫിക്കറ്റ് ബുക്കിൽ വയസ് വർദ്ധിപ്പിക്കണമെന്ന് കാണിച്ച് ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : അത് ഇതുമായിട്ട് ബന്ധമില്ല. പ്രത്യേ കിച്ച് ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. സി. കെ. ചക്രപാണി : സർ, ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ സെൻട്രലൈസ്ഡ് വാല്യുവേഷന്, എത്ര അദ്ധ്യാപകരെ യാണ് നിയമിച്ചിട്ടുള്ളത് ?

ശ്രീ. ടി. എം. ജേക്കബ് : 12,881.

ശ്രീ. സി. കെ. ചക്രപാണി : സർ, നമ്മൾ ഇപ്പോൾ സെൻട്രലൈസ്ഡ് വാലുവേഷനാണ് നടത്തുന്നത്. അതുകൊണ്ട് വലിയ കാര്യമൊന്നുമില്ല. ഇത് ഡീസെൻട്രലൈസ്ഡ് വാലുവേഷനാക്കാൻ നടപടി എടുക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : നമ്മുടെ കേരളത്തിൽ ഏറ്റവും ഫലപ്രദ മായും ഏറ്റവും വേഗിയായും നടത്തുന്ന ഒരു പരീക്ഷയാണ് എസ്. എസ്. എൽ. സി. പരീക്ഷ. ഇത്രയും കുട്ടികൾ എഴുതുന്ന ഒരു പരീക്ഷ വളരെ ചിട്ടയായി നടത്തി കൃത്യ സമയത്തുതന്നെ റിസൽട്ട് പ്രസിദ്ധീകരിക്കാൻ കഴിയുന്നത് ഒരു വലിയ കാര്യം തന്നെയാണ്. അത് സെൻട്രലൈസ്ഡ് വാലുവേഷൻ വഴിയാണ് വളരെ ഇഫക്ടീവായിട്ട് ചെയ്യാൻ കഴിയുന്നത്. അതുകൊണ്ട് ഈ സിസ്റ്റം മാറാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. സി. ജോസഫ് : സർ, ഏതാണ്ട് അഞ്ചുലക്ഷം വിദ്യാർ ത്ഥികൾ എഴുതുന്ന എസ്. എസ്. എൽ. സി. പരീക്ഷ കൂടുതൽ ഫല പ്രദമായി നടത്തുന്നതിനു വേണ്ടി ടാബുലേഷനിലും മറ്റും കമ്പ്യൂട്ടറിന്റെ സഹായം ഉപയോഗിക്കുവാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : കമ്പ്യൂട്ടറിന്റെ സഹായം തേടണമോ വേണ്ടയോ എന്ന കാര്യം ഗവൺമെന്റ് ഇതുവരെ ആലോചിച്ചിട്ടില്ല. കമ്പ്യൂട്ടർ കൊണ്ട് അപകടമുണ്ടാകുമെന്ന അഭിപ്രായം ഗവൺമെന്റിനില്ല.

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, എസ്. എസ്. എൽ. സി. ബുക്ക് പരീക്ഷാഭവനിൽ നിന്നും അയച്ചതു കിട്ടാത്ത സംഭവത്തെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ? ലഭിച്ചിട്ടുണ്ടെങ്കിൽ ആ പരാതി പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : ചില പരാതികൾ കിട്ടിയിട്ടുണ്ട്. മെറി റ്റിന്റെ അടിസ്ഥാനത്തിൽ എന്തു കാരണത്താലാണ് എസ്. എസ്. എൽ. സി. ബുക്ക് കൊടുക്കാത്തതെന്ന് നോക്കി വളരെ വേഗത്തിൽ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കണമെന്നുള്ള നിർദ്ദേശം പരീക്ഷാ കമ്മീഷണർക്ക് കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. പി. എ. മജീദ് : മാർക്കുകളിലും മറ്റും വന്ന കുഴപ്പങ്ങൾ തിരുത്തി കിട്ടുന്നതിനുവേണ്ടി അപേക്ഷകൾ കൊടുത്തു കഴിഞ്ഞാൽ വളരെയധികം കാലതാമസം എടുക്കുന്നു എന്ന കാര്യം കണക്കിലെടുത്ത് അത് കഴിയുംവേഗം നൽകുന്നതിനെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : എസ്. എസ്. എൽ. സി. പരീക്ഷയെ സംബന്ധിച്ച് വലിയ ആക്ഷേപം ഉണ്ടാകുന്നില്ല. കഴിയുന്നതും വേഗത്തിൽ അതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നുണ്ട്.

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, സ്റ്റാഫിന്റെ അപര്യാപ്തത മൂലം അയയ്ക്കുന്ന പരാതികൾക്ക് പരിഹാരം ഉടനെ ഉണ്ടാകുന്നില്ല. ആവശ്യമായ സ്റ്റാഫിനെ പ്രൊവൈഡ് ചെയ്ത് ഇതിനെയൊന്ന് സ്പീഡ് അപ് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : എസ്. എസ്. എൽ. സി. പരീക്ഷയുമായി ബന്ധപ്പെട്ട് പലപ്പോഴും അഡിഷണൽ ആയിട്ടുള്ള ആളുകളുടെ സഹായം നമ്മൾ ലഭ്യമാക്കിക്കൊടുക്കുന്നുണ്ട്. ഇപ്പോഴുള്ള സ്ട്രെംഗ്ത് മതിയാകുമെന്നാണ് ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായം.

ശ്രീ. ബെന്നി ബഹനാൻ : സർ, എസ്. എസ്. എൽ. സി. പരീക്ഷാ ക്രമക്കേടുകൾ സാധാരണ ഗതിയിൽ ഉണ്ടാകുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ 80 കേസുകൾ കണ്ടുപിടിച്ചിരിക്കുന്നുയെന്നും പോലീസ് വിജിലൻസിനെ ഏല്പിച്ചിരിക്കുന്നുവെന്നും സൂചന ഉണ്ടായി. ഇങ്ങനെ കുറ്റക്കാരാണെന്ന് കാണുന്ന അദ്ധ്യാപകരുടെയോ ഉദ്യോഗസ്ഥൻമാരുടേയോ പേരിൽ എന്തു ശിക്ഷണ നടപടികളാണ് സ്വീകരിക്കുന്നതെന്നു വ്യക്തമാക്കാമോ ? ശിക്ഷണ നടപടികൾ കുറവായതുകൊണ്ടാണ് പലപ്പോഴും ഒരു ഉത്തരവാദിത്വത്തോടുകൂടി ചെയ്യാത്തത്. അതുകൊണ്ട് ശിക്ഷണ നടപടി കുറച്ചുകൂടി കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : അദ്ധ്യാപകരാണ് ഇതിനകത്ത് ഉൾപ്പെടുന്നതെങ്കിൽ ആ അദ്ധ്യാപകരെ സർവ്വീസിൽ നിന്ന് സസ്പെൻഡു ചെയ്തുകൊണ്ട് നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കുട്ടികളാണ് ക്രമക്കേടു കാണിക്കുന്നതെങ്കിൽ അവരുടെ പരീക്ഷാഫലം തടഞ്ഞുവയ്ക്കുന്നുണ്ട്. പരീക്ഷ എഴുതുന്നതിൽ നിന്ന് ഒരു നിശ്ചിത കാലയളവിൽ അവരെ ഡീബാർ ചെയ്യാറുണ്ട്. ഇത് ഫലപ്രദമാണെന്നാണ് തോന്നുന്നത്. ഇത്രയും കുട്ടികൾ എഴുതുന്ന പരീക്ഷയിൽ ആകെ 169 കേസുകളാണ് ഈ വർഷത്തെ പരീക്ഷാ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പിടിച്ചിട്ടുള്ളത്.

ശ്രീ. സി. വാസുദേവ മേനോൻ : പരീക്ഷാക്രമക്കേടുകളും അതുപോലെതന്നെ എസ്. എസ്. എൽ. സി. സർട്ടിഫിക്കറുകൾ തിരുവനന്തപുരത്ത് അയച്ചുകൊടുക്കേണ്ടതിനു പകരം കണ്ണൂരിൽ അയച്ചുകൊടുക്കുന്നതും കാരണം കൃത്യസമയത്ത് ഒറിജിനൽ സർട്ടിഫിക്കറ് ഹാജരാക്കാൻ കഴിയാതെ വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇത് വിദ്യാർത്ഥികളെ മാനസികമായി ആഘാതമേല്പിക്കുന്നതും അവരുടെ ഭാവിയെത്തന്നെ ബാധിക്കുന്നതുമാണ്. അതുകൊണ്ട് ഇത്തരം കേസുകളിൽ അവർ അപേക്ഷിക്കുന്ന കോഴ്സുകൾക്ക് പ്രൊവിഷണലായിട്ട് അഡ്മിറ്റ് ചെയ്യുകയും ഒറിജിനൽ സർട്ടിഫിക്കറ്റ് കിട്ടിയതിനുശേഷം അത് വെരിഫൈ ചെയ്തു അവരെ തുടരാൻ അനുവദിക്കുകയും ചെയ്യുന്ന നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : അത് ഫലപ്രദമായ നിർദ്ദേശമാണെന്ന് തോന്നുന്നില്ല. എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റുകൾ കൃത്യ സമയത്ത് എത്തിച്ചുകൊടുക്കാനുള്ള നടപടി സ്വീകരിക്കാം. പ്രൊവിഷണലായിട്ട് അഡ്മിറ്റ് ചെയ്തിട്ട് പിന്നീട് എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റ് കൊടുക്കുന്നത് ഫലപ്രദമായ നടപടിയായിരിക്കുകയില്ല.

ശ്രീ. രമേശ് ചെന്നിത്തല : ചില വിദ്യാർത്ഥികളുടെ ബുക്ക് തടഞ്ഞു വയ്ക്കുകയും തോറ്റ വിദ്യാർത്ഥികൾ പിന്നീട് ജയിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ട്. അവർക്ക് പ്രീഡിഗ്രി ക്ലാസ്സുകളിലേക്ക് പ്രവേശനം കിട്ടാൻവേണ്ട അപേക്ഷാഫാറങ്ങൾ ലഭിക്കുന്നില്ല. അത്തരം സംഭവങ്ങൾ ചൂണ്ടിക്കാണിച്ചാൽ അവർക്ക് പ്രത്യേകമായ കൺസഷൻ കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : അങ്ങനെയുള്ള പ്രത്യേക കേസ് ചൂണ്ടിക്കാണിച്ചാൽ മെറിറ്റിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാം.

ശ്രീ. എ. കെ. ശശീന്ദ്രൻ : ഓരോ വർഷവും പരീക്ഷാ ക്രമക്കേടുകളെക്കുറിച്ചുള്ള പരാതികൾ ഉണ്ടാകുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസമണ്ഡലത്തിനാകെ അത് അപമാനം വരുത്തുന്നുണ്ട്. ആ വസ്തുത പരിഗണിച്ച് ഇത്തരം കൃത്രിമം ഒഴിവാക്കുന്നതിനുവേണ്ടി മുൻകൂട്ടി എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ; ആ കാര്യത്തിൽ എന്തെങ്കിലും പരിഷ്കാരം വരുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : പരീക്ഷാക്രമക്കേടുകൾ ഒഴിവാക്കുന്നതിനുവേണ്ടി ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എസ്. എസ്. എൽ. സി. പരീക്ഷയെക്കുറിച്ചാണ് ചോദ്യം. യൂണിവേഴ്സിറ്റി പരീക്ഷാക്രമക്കേടുകളെക്കുറിച്ച് എം. പി. മേനോൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിലെ പല നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി പരീക്ഷകളിൽ ചില പ്രത്യേകമായ സംവിധാനം ഏർപ്പെടുത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. പി. കെ. കെ. ബാവ : വളരെ നിരുത്തരവാദപരമായ നിലയിൽ എസ്. എസ്. എൽ. സി. റിസൽട്ട് തടഞ്ഞുവയ്ക്കുന്നതു മൂലം വിദ്യാർത്ഥികൾക്കു ഉണ്ടാകുന്ന മാനസികമായ ആഘാതവും അവരുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കയും കണക്കിലെടുത്തുകൊണ്ട് ഇങ്ങനെ നിരുത്തരവാദപരമായി തടഞ്ഞുവയ്ക്കുന്നത് പിൻവലിക്കാൻ കർശനമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : നിരുത്തരവാദപരമായി തടഞ്ഞു വയ്ക്കാറില്ല. അഞ്ചുലക്ഷം വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിൽ 169 കുട്ടികളുടെ

LIBRARY ARCHIVES Kerala Legislative Assembly

ഫലമാണ് തടഞ്ഞുവച്ചത്. 169 കേസിൽ കൃത്രിമം നടന്നിട്ടുണ്ടെന്നാണ് പ്രഥമദൃഷ്ട്യാതന്നെ ബോദ്ധ്യമായതാണ്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : വളരെ കാര്യമായ കുഴപ്പമൊന്നും സെൻട്രലൈസ്ഡ് വാല്യുവേഷനിൽ വന്നിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. മെയിൻ എടുത്ത ആളെ കിട്ടാത്തതുകൊണ്ട് സബ് സിഡിയറി സബ്ജക്ട് എടുത്തവരെക്കൊണ്ട് വാല്യുവേഷൻ നടത്തിക്കേണ്ടി വന്നിട്ടുണ്ട്. മാർക്ക് ഇട്ടതിലും കുഴപ്പം വന്നിട്ടുണ്ട്. ഈ രണ്ടു തകരാറേ വന്നിട്ടുള്ളുവെന്ന് പറഞ്ഞു. പല പരീക്ഷാസെൻററുകളിലേയും ചീഫ് എക്സാമിനർ ജീപ്പും കൊണ്ട് അദ്ധ്യാപകരെ അന്വേഷിച്ച് നടന്നിട്ടുണ്ട്. ഇത് ഈ സംവിധാനത്തിന്റെ തകരാറാണ്. അദ്ധ്യാപകൻ വന്നില്ലെങ്കിൽ പകരം എന്തു വേണമെന്നുള്ളതിനെ സംബന്ധിച്ച് ലിസ്റ്റുമില്ല, ക്രമീകരണവുമില്ല. വാല്യുവേഷനു വളരെ അപാകതയുണ്ടായിരുന്നു. ഇത് നിർത്തലാക്കാൻ പുതുതായി എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിനുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : ഈ വർഷം രണ്ട് സെൻററുകളിൽ നിന്നാണ് ഈ പരാതി വന്നത്. എല്ലാ സെൻററുകളിലും യഥാർത്ഥത്തിലുള്ള ടീച്ചേഴ്സ് വന്നില്ലെങ്കിൽ റിസർവ്ഡ് ലിസ്റ്റ് ഉണ്ട് ആ ലിസ്റ്റിൽനിന്നുള്ള ചില അദ്ധ്യാപകർ വരാമെന്ന് പറഞ്ഞിട്ട് വരാതിരുന്നു. അങ്ങനെ വരുന്ന സാഹചര്യത്തിൽ സെൻട്രലൈസ്ഡ് വാല്യുവേഷൻ നടക്കുന്ന സെൻററുകളിലെ പ്രധാനപ്പെട്ട അദ്ധ്യാപകനെ, അദ്ധ്യാപകൻമാരെ, അന്വേഷിച്ചുകൊണ്ടുവരുന്ന ചുമതല ഏൽപ്പിക്കാറുണ്ട്.

ശ്രീ. പി. സീതിഹാജി : എസ്. എസ്. എൽ. സി. സർട്ടിഫിക്കറ് കൊടുക്കുന്ന കാര്യത്തിൽ സംവേചിച്ചതുപോലെതന്നെ ടി. ടി. സി. പരീക്ഷ കഴിഞ്ഞിട്ട് സർട്ടിഫിക്കറ് കൊടുക്കാൻ താമസിച്ചതുകൊണ്ട് മലപ്പുറം ജില്ലയിൽ ടെമ്പററിയായിട്ട് ഇരുന്നൂറിൽ ചിലപ്പോൾ അദ്ധ്യാപകരെ അപ്പോയിൻറ് ചെയ്തതിൽ കെയർ ഓഫ് അഡ്രസ്സ് കൊടുത്ത തെക്കൻ ഭാഗത്തെ ആളുകളെ നിയമിക്കുകയും ആ ജില്ലയിലെ ആളുകൾക്ക് നിയമനം കിട്ടാതിരിക്കുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : അത് ടി. ടി. സി. സർട്ടിഫിക്കറ് കിട്ടാത്തതുകൊണ്ടല്ല, പി. എസ്. സി. ലിസ്റ്റ് നിലവിലില്ലാത്തതുകൊണ്ടാണ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്ന് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തത്. അവിടത്തെ അഡ്രസ്സിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്ന് അഡ്വൈസ് ചെയ്തതനുസരിച്ച് ആണ് വിദ്യാഭ്യാസ ഓഫീസർ അദ്ധ്യാപകരെ നിയമിച്ചത്. ചില പരാതികൾ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതേപ്പറ്റി അന്വേഷിക്കുന്നതാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ : എസ്. എസ്. എൽ. സി. ബുക്കിൽ മാർക്ക് ചേർക്കുന്നതിൽ ക്രമക്കേടുകൾ ഉണ്ടാകാറുണ്ട്. ഇതിനുമുമ്പും ധാരാളം ഉണ്ടായിട്ടുണ്ടെന്ന് പറഞ്ഞു. ഈ ക്രമക്കേടുകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇവിടെ വരുന്ന കേസ്സുകളിൽ അടിയന്തിര പരിഹാരം ഉണ്ടാക്കി എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ; എടുത്തിട്ടുണ്ടെങ്കിൽ അത് ഇപ്പോഴും നടപ്പാകുന്നില്ലെന്നുള്ളതുകൊണ്ട് കുട്ടികളുടെ ഭാവിയെ ഓർത്തെങ്കിലും ഒരു നിശ്ചിത കാലപരിധിക്കുള്ളിൽ പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : കൃത്യമായ സമയപരിധി കൽപ്പിച്ച്, ഈ കാര്യത്തിൽ പരിഹാരമുണ്ടാക്കണമെന്ന് പറയുന്നത് ശരിയാവുകയില്ല. കഴിയുന്നതും വേഗത്തിൽ ഈ കാര്യങ്ങൾ ഡിസ്പോസ് ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. ജോയിന്റ് ലേബർ കമ്മീഷ്ണർ ഈ കാര്യത്തിൽ ചുമതലയെടുത്ത് ചെയ്യണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ഇ. പത്മനാഭൻ : എസ്. എസ്. എൽ. സി. പരീക്ഷയിൽ വാല്യുവേഷനെക്കാളും ഏറെയുമധികം പരാതി വന്നിട്ടുള്ളത് ടാബുലേഷൻ രംഗത്താണ്. കോളേജുകളിൽ എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റ് കൊണ്ടുപോയാൽ പ്രഥമദൃഷ്ട്യാ അംഗീകരിക്കുന്നില്ല. ആതുമുഴുവൻ വെട്ടും തിരുത്തും ഒക്കെയാണ്. മാർക്ക് എഴുതിയിരിക്കുന്നത് ആരും വിശ്വസിക്കുകയില്ല. ടാബുലേഷനിൽ അശ്രദ്ധയോ അനാസ്ഥയോ മേൽനോട്ടക്കുറവോ എന്താണെന്നുള്ളത് കണ്ടുപിടിച്ചിട്ട് മേലാലെങ്കിലും ഇത്തരം ദുരന്തം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ടാബുലേഷനുവേണ്ടി കുറെ ആളുകളെ നിയോഗിച്ചിട്ടുണ്ട്. 831 ആളുകളെയാണ് അതിനുവേണ്ടി നിയോഗിച്ചിട്ടുള്ളത്. ചില കേസ്സുകളിൽ മെമ്പർ സൂചിപ്പിച്ചിട്ടുള്ളതുപോലെ ആക്ഷേപം ഉണ്ടായിട്ടുണ്ട്. അത് ഉണ്ടാകാതിരിക്കണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതിന് നിർദ്ദേശം കൊടുക്കുന്നതാണ്.

ശ്രീ. നാലകത്ത് സൂപ്പി : എസ്. എസ്. എൽ. സി. പരീക്ഷയിലെ ക്രമക്കേടുകളുടെ ഫലമായി മാനസികമായി ആഘാതം സംഭവിച്ച് ആരെങ്കിലും ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : 1006 തെറ്റുകൾ സ്വയം കണ്ടുപിടിച്ചുവെന്നും അതിനെത്തുടർന്ന് നടപടി സ്വീകരിച്ചുവെന്നുമൊക്കെ പറയുന്നുണ്ട്. ഈ തെറ്റുകൾ മാർക്ക് എസ്. എസ്. എൽ. സി. ബുക്കിൽ ചേർത്തപ്പോഴാണ് ഉണ്ടായതെന്നു പറഞ്ഞു. ആ മാർക്കുകൾ എസ്. എസ്. എൽ. സി. ബുക്കിൽ ചേർത്തത് ആരാണ് ? ആഫീസിലെ ഉദ്യോഗസ്ഥൻമാരാണെങ്കിൽ അവരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു ? ഇതിന്റെ ഫലമായി തോറ്റ എത്രപേർ ജയിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : 831 പേരെയാണ് ഇതിനുവേണ്ടി നിയോഗിച്ചത്. അവരിൽനിന്നാണ് കുറെ കേസുകൾ ഉണ്ടായിരിക്കുന്നത്. ഇതിനുവേണ്ടി ചുമതലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്ന് കുഴപ്പം ഉണ്ടായതിന് വിശദീകരണം ചോദിച്ചിട്ടുണ്ട്. എത്ര കേസുകൾ ഉണ്ടെന്നുള്ളതിന്റെ കൃത്യമായ കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. ജി. വരദൻ : *സാർ, എസ്. എസ്. എൽ. സി. പുസ്തകത്തിൽ പരീക്ഷ എഴുതുമ്പോൾ തെറ്റ് കണ്ടുപിടിപ്പിക്കുന്നതുപോലെ പരീക്ഷയ്ക്ക് കൊടുക്കുന്ന പേപ്പറിൽ തമിഴ്, മലയാളം, ഇംഗ്ലീഷ് ഇവയിൽ പല വിദ്യാലയങ്ങളിലും തെറ്റുകൾ ഉണ്ട്. തമിഴ് പിള്ളേർ അതു പഠിച്ച് ശരിയായ രീതിയിൽ എഴുതുമ്പോൾ തെറ്റാകുന്നു. അതുകൊണ്ട് അതു ശരിയാക്കി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?*

ശ്രീ. ടി. എം. ജേക്കബ് : ആ കാര്യം പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly